"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പെരിന്തൽമണ്ണ നഗരസഭ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നമ്പർ വി.സി 06/2024/എം.പി.എം - നിലവിൽ സസ്പെൻഷനിൽ തുടരുന്ന റവന്യൂ ഇൻസ്പെക്ടർ ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി - സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ നിരസിച്ച് - OA(EKM) No.149/2025 ഹർജിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2065/2025/LSGD തീയതി,തിരുവനന്തപുരം, 20-08-2025

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.06.2024 തീയതിയിലെ C5 (VC6/2024/MPM) 23402/2024/DVACB നമ്പർ കത്തും അനുബന്ധ രേഖകളും.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.05.2024-തീയതിയിലെ LSGD/PD/20755/2024-VIGD3 നമ്പർ നടപടിക്രമം.
3. റവന്യൂ ഇൻസ്പെക്ടർ ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി സമർപ്പിച്ച 05.02.2025 തീയതിയിലെ അപേക്ഷ
4. OA(EKM) No.149/2025 ഹർജിയിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.03.2025 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

പെരിന്തൽമണ്ണ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി -യ്ക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നം.വി.സി 06/2024/എം.പി.എം-ൽ പരാതിക്കാരനിൽ നിന്നും 2000/- രൂപ കൈക്കൂലി കൈപ്പറ്റിയതിനിടയിൽ 29.05.2024 തീയതിയിൽ ടിയാനെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ഓഫീസ് പരിസരത്ത് നിന്ന് അറസ്റ്റ് ചെയ്തതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

2. പ്രസ്തുത വിഷയത്തിൽ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി യെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം 29.05.2024 തീയതി അപരാഹ്നം പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് മുൻപ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അഭിപ്രായം ആരായേണ്ടതാണെന്ന് പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. തുടർന്ന് റവന്യൂ ഇൻസ്പെക്ടർ ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിട്ടുള്ളതാണ്.

3. സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പുനപ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റവന്യൂ ഇൻസ്പെക്ടർ ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി പരാമർശം 3 (അനക്സർ എ11) പ്രകാരം അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ഇതേ ആവശ്യത്തിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA(EKM) No.149/2025 ഹർജി ഫയൽ ചെയ്യുകയും ചെയ്തിരുന്നു. OA(EKM) No.149/2025 ഹർജിയിലെ പരാമർശം (4) ഉത്തരവിൽ, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു--

"*In the circumstances, the Original Application is disposed of with a direction to the 1st respondent to consider and pass orders on Annexure A11 representation within a period of three*

*months.*"

4. ശ്രീ.ഉണ്ണികൃഷ്ണൻ. എം.പി, സർവീസിൽ തിരികെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷയിൻമേൽ അഭിപ്രായം തേടിയതിൽ, ടിയാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ട്രാപ് കേസിൽ അറസ്റ്റിലായതിനെ തുടർന്നാണ് സസ്പെൻഷനിൽ ആയിട്ടുള്ളതെന്നതിനാൽ ടിയാനെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത് സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയാണെന്നും ടിയാനെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന വിഷയം 23.04.2025 തീയതിയിലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി പരിശോധിക്കുകയും വിജിലൻസ് കേസിൽ അന്വേഷണം നടന്ന വരുന്ന സാഹചര്യത്തിൽ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതുമാണെന്നും വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുള്ളതാണ്.

5. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസിൽ അറസ്റ്റിലായി നിലവിൽ സസ്പെൻഷനിൽ തുടരുന്ന പെരിന്തൽമണ്ണ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി-യെ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതില്ലെന്ന് 23.04.2025 തീയതിയിലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി തീരുമാനിച്ച സാഹചര്യത്തിൽ സസ്പെൻഷൻ ഉത്തരവ് പിൻവലിച്ച് സേവനത്തിൽ പുനപ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാൻ സമർപ്പിച്ച Annexure A11 അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

6. പരാമർശം 4 ലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

അഡ്വക്കറ്റ് ജനറൽ ,കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി, റവന്യൂ ഇൻസ്പെക്ടർ (നിലവിൽ സസ്പെൻഷനിൽ) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/146/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 21-08-2025 10:20:02
സെക്ഷൻ ഓഫീസർ